**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2562 18.02.2016 ലെ മറുപടിയ്ക്ക്

**വിനോദസഞ്ചാര മേഖലയിലെ കോഴ്സുകൾ**

| | | | |
|---|---|---|---|
| ചോദ്യം<br>**ശ്രീ.ബെന്നി ബെഹനാൻ**<br>**ശ്രീ.വർക്കല കഹാർ**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ** | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
| എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലെ തൊഴിലവസരത്തിനായി പ്രത്യേകകോഴ്സുകൾ നടത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലെ തൊഴിലവസരത്തിനായി താഴെ പറയുന്ന സ്ഥാപനങ്ങൾ വഴി ടൂറിസം കോഴ്സുകൾ നടത്തി വരുന്നു.<br>1.കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (KITTS)<br>2.ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (FCI)<br>3.സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM)<br>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)ൽ കേരള സർവ്വകലാശാലയുടെ അംഗീകാരത്തോടെ 2 വർഷം ദൈർഘ്യമുള്ള എം.ബി.എ (ട്രാവൽ & ടൂറിസം) കോഴ്സുകൾ നടത്തുന്നുണ്ട്. ഇതിനു പുറമേ 6 മാസം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ഡിപ്ലോമാ ഇൻ എയർപോർട്ട് ഓപ്പറേഷൻസ്, ഒരു വർഷം ദൈർഘ്യമുള്ള പി.ജി.ഡിപ്ലോമാ ഇൻ പബ്ലിക് റിലേഷൻസ് ഇൻ ടൂറിസം എന്നീ കോഴ്സുകളും നടത്തുന്നുണ്ട്. മേൽപ്പറഞ്ഞ കോഴ്സുകൾ കിറ്റ്സ് നേരിട്ടാണ് നടത്തുന്നത്. SIHM, FCI എന്നിവ ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് എന്നീ കോഴ്സുകളാണ് നടത്തുന്നത്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി രംഗത്ത് വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ കണക്കിലെടുത്ത് യുവതി യുവാക്കളെ സന്നദ്ധരാക്കുന്നതിനുള്ള പരിശീലന പദ്ധതികളാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. അതിലൂടെ യുവതി യുവാക്കൾക്ക് ഹൗസ് കീപ്പിംഗ്, ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആന്റ് ബിവറേജസ് സർവ്വീസ്, എന്നിവയ്ക്കുള്ള പരിശീലനം നൽകി വരുന്നു. |
| സി) | ആയത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) | നോഡൽ ഏജൻസികളായ കിറ്റ്സ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നിവ വഴി ഉചിതമായ ടൂറിസം കോഴ്സുകൾ രൂപീകരിക്കുകയും നടപ്പാക്കി വരികയും ചെയ്യുന്നു. ഇതിനായി 2015-16 സാമ്പത്തിക വർഷത്തിൽ 8.5 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ